ക്കുന്നതിനും ഗവണ്മെന്റ് ചെലവിൽതന്നെ അതു് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്. കമ്പനിയുടെ റീകൺസ്ട്രക്ഷൻ പദ്ധതിയും പൂർത്തിയാകുമ്പോൾ റഫ്രിജറേഷൻ പ്ലാന്റ് കമ്പനിക്കുതന്നെ നൽകുന്നതാണു്.

4. മലബാർ ടിംബർ പ്രൊഡ്യൂസ് കമ്പനി ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ ലിക്വിഡേഷനിലിരിക്കുകയാണു്.

എൻ. ഇ. എസ്. ബ്ലോക്കുകൾ.

*268. [22] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരു-കൊച്ചിയിലാകമാനം ഇന്നു് ഏകദേശം എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ പ്രവർത്തനം നടത്തുന്നു ;

(ബി) എൻ. ഇ. എസ്. ബ്ലോക്കു് തിട്ടപ്പെടുത്തുന്നതിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്തു് ?

(സി) എത്ര താലൂക്കുകളിൽ ഒന്നിൽ കൂടുതൽ എൻ. ഇ. എസ്സു്. ബ്ലോക്കുകൾ ഉണ്ടു്; ഒന്നുപോലുമില്ലാത്ത താലൂക്കുകൾ എത്ര ;

(ഡി) ചിറയിൻകീഴ് താലൂക്കിൽ ഇതുവരെ എൻ. ഇ. എസ്സു്. ബ്ലോക്കു് സ്ഥാപിക്കാതിരിക്കാൻ കാരണമെന്തു് ;

(ഇ) ചിറയിൻകീഴ് താലൂക്കിനു് പുതിയ ബ്ലോക്കു് രൂപീകരണവേളയിൽ മുൻഗണന നൽകാൻ ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നാല് ഡവലപ്പ്മെന്റ് ബ്ലോക്കുകൾ ഉൾപ്പെടെ 15 ബ്ലോക്കുകൾ.

(ബി) (1) ഏകദേശം 66,000 മുതൽ ഒരു ലക്ഷംവരെ ജനങ്ങൾ അധിവസിക്കുന്നതും, അന്യോന്യം ചേർന്നു് ഒറ്റ പ്രദേശമായി കിടക്കുന്നതുമായിരിക്കണം.

(2) അഞ്ചോ ആറോ പഞ്ചായത്തുകൾ പൂർണ്ണമായി അടങ്ങിയിരിക്കുന്ന പ്രദേശമായിരിക്കണം.

(3) ബ്ലോക്കു് സ്ഥാപിക്കുന്ന താലൂക്കിൽ ബാക്കിയുള്ള പ്രദേശങ്ങൾ മറ്റു ബ്ലോക്കുകളായി തിരിക്കാൻ തടസ്സമില്ലാത്ത വിധത്തിൽ സ്ഥിതി ചെയ്യുന്നതായിരിക്കണം.

(4) വികസനത്തിനു് വേണ്ട സൌകര്യങ്ങൾ ഉണ്ടായിരിക്കണം.

(5) ജനങ്ങൾ സഹകരണ മനസ്ഥിതി ഉള്ളവരായിരിക്കണം.

(6) ഭരണപരമായ സൌകര്യാർത്ഥം ഇപ്പോഴുള്ള ബ്ലോക്കുകൾക്കോ പ്രോജക്ടുകൾക്കോ തൊട്ട പ്രദേശങ്ങളിലായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ബ്ലോക്കുകൾ തുടങ്ങുന്നതു്.

(സി) ചിറ്റൂർ, തിരുവനന്തപുരം, അമ്പലപ്പുഴ, തിരുവല്ലാ എന്നീ താലൂക്കുകളിൽ രണ്ടു ബ്ലോക്കുകൾവീതം ഉണ്ടു്. പതിനൊന്നു താലൂക്കുകൾ ഒഴികെ ബാക്കിയുള്ള താലൂക്കുകളിൽ ഇപ്പോൾ ബ്ലോക്കുകളില്ല. പതിനെട്ടു താലൂക്കുകളിൽ ബ്ലോക്കുകളോ പ്രോജക്ടുകളോ ഇല്ല.

(ഡി) അങ്ങിങ്ങായി ബ്ലോക്കുകൾ തുടങ്ങുന്ന എപ്പോട്ടു നിറുത്തി നിലവിലിരിക്കുന്ന ബ്ലോക്കുകളുടെ സമീപപ്രദേശങ്ങളിലേക്കു് വ്യാപിപ്പിച്ചു് അങ്ങിനെ രണ്ടാംപഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ സംസ്ഥാനം മുഴുവനും ബ്ലോക്കുകളെക്കൊണ്ടു് നിറയ്ക്കണമെന്നാണു് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം. ഇപ്പോൾ അനുവദിച്ച അഞ്ചു് ബ്ലോക്കുകളും ഈ തത്വം അനുസരിച്ചാണു് സ്ഥാപിച്ചിട്ടുള്ളതു്.

(ഈ) ശ്രദ്ധിക്കുന്നതാണു്.

കൃഷ്ണമെൻറ് ഏരിയായിലെ കുടികിടപ്പുകാർ.

* 269. [25] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെയ്യാർ അണയുടെ കൃഷ്ണമെൻറ ഏരിയാ അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ :

(ബി) കൃഷ്ണമെൻറ ഏരിയായിൽപ്പെട്ട സ്ഥലങ്ങളിൽ എത്ര കുടികിടപ്പുകാരുണ്ടു്;

(സി) അണ പൂർത്തിയാകുമ്പോൾ സ്ഥലം നഷ്ടപ്പെടുന്ന താമസക്കാർക്കു് എന്തു സഹായമാണു് ഗവണ്മെൻറ നൽകാൻ ഉദ്ദേശിക്കുന്നതു്;

(ഡി) കൃഷ്ണമെൻറ ഏരിയായിലെ തടി കണ്ട്രാക്ടരായിരുന്ന ശേഷാചലത്തെ സംബന്ധിച്ചു് പരാതികൾ ഉണ്ടായിരുന്നപ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കുടി അറിഞ്ഞു് കുടിതാമസക്കാരായ അനവധി ആളുകളുടെ കാഫലമുള്ള പ്ലാവുവൃക്ഷങ്ങൾ അവരുടെ എതിർപ്പിനെ വകവയ്ക്കാതെ വെട്ടി വിറകായി അടുക്കിയിട്ടുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല. കൃഷ്ണമെൻറ ഏരിയാ 54 ച. മൈൽ വരുമെന്നു് കണക്കാക്കിയിട്ടുണ്ടു്. അണയുടെ ജലാശയത്തിന്റെ വിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടു്.

(ബി) കൃഷ്ണമെൻറ ഏരിയായിൽപ്പെട്ട സ്ഥലങ്ങളിൽ എത്ര കുടികിടപ്പുകാരുണ്ടെന്നു് തിട്ടപ്പെടുത്തിയിട്ടില്ല. ജലാശയപരിധിയിൽ 193 കുടികിടപ്പുകാരുണ്ടു്.

(സി) 162 വീട്ടുകാർക്കു് ഇതേ താലൂക്കിൽ തന്നെ വീടുവെയ്ക്കാൻ സ്ഥലമുള്ളവരാണു്. ബാക്കിയുള്ള 31 പേർക്കു് ദേവികുളം കോളനൈസേഷൻ പദ്ധതിയനുസരിച്ചു് ഭൂമി നൽകുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

(ഡി) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly